I. ഇ.ബി. XV1-കേരള നിയമസഭ/I-5

# പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

2026 ജൂൺ 3, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം

മി. സ്പീക്കർ: പുതിയ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിൽ കാലാകാലങ്ങളിൽ നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടത്തപ്പെടുന്നതായി പറയപ്പെടുന്ന സ്ഥലംമാറ്റ നടപടികൾ സർക്കാർ ജീവനക്കാരുടെ മനോവീര്യം തകർക്കുകയും അവരിൽ ആശങ്കയുളവാക്കുകയും ചെയ്തിരിക്കുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ വി. ജോയി, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം 25-02-2017-ലെ സർക്കാർ ഉത്തരവിന് വിധേയമായാണ് നടപ്പാക്കിവരുന്നത്. സംസ്ഥാനത്ത് പുതിയ സർക്കാർ അധികാരമേറ്റതിനെത്തുടർന്ന് ഭരണപരമായ സൗകര്യാർഥം നടക്കുന്ന സ്വാഭാവിക സ്ഥലംമാറ്റങ്ങളും റിട്ടയർമെന്റുമൂലമുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള മാറ്റങ്ങളുമാണ് നടത്തിയിട്ടുള്ളത്. ജീവനക്കാരുടെ മനോവീര്യം തകർക്കുന്നതും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതുമായ യാതൊരു നടപടിയും ഈ സർക്കാർ സ്വീകരിച്ചിട്ടില്ല. സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും ഭരണക്രമം സുഗമമാക്കുന്നതിനുമുള്ള നടപടികൾ മാത്രമാണ് കൈക്കൊണ്ടിട്ടുള്ളത്. ഏതെങ്കിലും ജീവനക്കാർക്ക് ഇക്കാര്യത്തിൽ പരാതിയുള്ളപക്ഷം അനുഭാവപൂർവം പരിഗണിച്ച്, പരിഹാരം കാണുന്നതിന് സർക്കാർ തയ്യാറാണെന്ന കാര്യം സഭയെ അറിയിക്കുന്നു.

ശ്രീ. വി. ജോയി: കേരളത്തിൽ ഏകദേശം അഞ്ചുലക്ഷത്തി ഇരുപതിനായിരത്തിലധികം സർക്കാർ ജീവനക്കാരാണുള്ളത്. കാൻസർ ഉൾപ്പെടെയുള്ള ഗുരുതര രോഗം ബാധിച്ച ജീവനക്കാരെപ്പോലും നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വിദൂരസ്ഥലങ്ങളിലേക്ക് മാറ്റിയ നടപടി അപലപനീയമാണ്. 2017-ലെ സ്ഥലംമാറ്റ ഉത്തരവിലെ മാനദണ്ഡങ്ങൾ അട്ടിമറിച്ചുകൊണ്ട് സത്യപ്രതിജ്ഞയ്ക്കുമുമ്പ് 33 വകുപ്പുകളിലായി 207 സ്ഥലംമാറ്റ ഉത്തരവുകളാണ് പുറപ്പെടുവിച്ചിരിക്കുന്നത്. പത്തും പതിനഞ്ചും വർഷം ജോലി ചെയ്ത താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട് ഉന്നത തസ്തികകളിലും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലും ബന്ധുനിയമനങ്ങൾ നടത്തുന്നതും സംഘടനാ നേതാക്കളുടെ ശിപാർശപ്രകാരം സ്ഥലംമാറ്റുന്നതും അഴിമതിക്കുള്ള വഴിയൊരുക്കലാണ്. ചട്ടവിരുദ്ധമായി സർക്കാർ നടത്തിയിട്ടുള്ള സ്ഥലംമാറ്റ ഉത്തരവുകൾ സ്റ്റേ ചെയ്ത അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നടപടി ഗൗരവമായി കാണേണ്ടതാണ്.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): മാനദണ്ഡങ്ങൾ പാലിക്കാതെയും ചട്ടവിരുദ്ധമായും സർക്കാർ ജീവനക്കാരെ സ്ഥലംമാറ്റിയെന്ന വാദഗതി അപ്രസക്തമാണ്. കഴിഞ്ഞ പത്തുവർഷക്കാലം മാനദണ്ഡങ്ങൾ പാലിക്കാതെ രാഷ്ട്രീയ വിരോധത്താൽ നടത്തിയ സ്ഥലംമാറ്റ നടപടികൾ തിരുത്താനും ഒരേ സീറ്റിൽ ദീർഘകാലം സേവനമനുഷ്ഠിച്ചവരെ ഭരണസൗകര്യാർത്ഥം മാറ്റാനുമാണ് ശ്രമിക്കുന്നത്. നിയമപരവും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത തരത്തിലുമുള്ള സ്ഥലംമാറ്റങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളത്. ഭരണാനുകൂല സംഘടനകളുടെ സമ്മർദത്താൽ സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടില്ല. ജീവനക്കാരുമായി സഹകരിച്ച് സംതൃപ്തമായ ഒരു സിവിൽ സർവീസ് ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ പിണറായി വിജയൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്ത് പോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) കോവിഡാനന്തര പക്ഷാഘാത സാധ്യതകൾ

ശ്രീ. എ. കെ. എം. അഷ്റഫ്: കോവിഡ് മഹാമാരിക്കുശേഷം യുവാക്കളിലും കുട്ടികളിലുമുൾപ്പെടെ പക്ഷാഘാതം (Stroke) വ്യാപകമാകുന്ന ആശങ്കാജനകമായ സാഹചര്യമാണുള്ളത്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ അടിയന്തരമായി ക്ലിനിക്കൽ പഠനം നടത്തുകയും സംസ്ഥാനതല സ്ട്രോക്ക് രജിസ്റ്റർ ആരംഭിക്കുകയും ചെയ്യണം. സ്ട്രോക്കുണ്ടായാൽ താലൂക്ക്-ജില്ലാ ആശുപത്രികളിൽ അടിയന്തര ചികിത്സ സൗജന്യമായി ലഭ്യമാക്കുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന സി.ടി. സ്കാൻ സൗകര്യം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. മെഡിക്കൽ കോളേജുകളെയും പ്രാദേശിക ആശുപത്രികളെയും ബന്ധിപ്പിച്ചുകൊണ്ട് ഹബ്ബ് ആൻഡ് സ്പോക്ക് മാതൃക നടപ്പാക്കുകയും കമ്മ്യൂണിറ്റി ഫിസിയോതെറാപ്പി സെന്ററുകൾ ആരംഭിക്കുകയും കിടപ്പുരോഗികൾക്കായി മൊബൈൽ ഫിസിയോതെറാപ്പി സൗകര്യം ഏർപ്പെടുത്തുകയും ചെയ്യണം. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ഫിസിയോതെറാപ്പിസ്റ്റുകളുടെ എണ്ണം വർധിപ്പിക്കുന്നതിനും കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ സ്ട്രോക്ക് ചികിത്സക്ക് പ്രത്യേക പാക്കേജ് ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. രോഗം ഭേദമായവർക്കായി പ്രത്യേക തൊഴിൽ-പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കണം. സന്നദ്ധ സംഘടനകൾ ഉൾപ്പെടെയുള്ളവരുടെ സഹായത്തോടെ ബോധവൽക്കരണ പരിപാടികളും സ്കാനിങ് ക്യാമ്പുകളും സംഘടിപ്പിക്കുകയും വിപുലമായ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യണം. ഫിസിയോതെറാപ്പി പഠനം കഴിഞ്ഞ കുട്ടികളെക്കൂടി ഉപയോഗപ്പെടുത്തി പക്ഷാഘാത ബാധിതർക്ക് രണ്ടാംഘട്ട ചികിത്സ ഉറപ്പാക്കുന്നതിനും അത് ഗ്രാമീണതലത്തിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): പക്ഷാഘാതം ഏത് പ്രായക്കാരിലും സംഭവിക്കാവുന്ന ഗുരുതര രോഗാവസ്ഥയായതിനാൽ അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡാനന്തരം പക്ഷാഘാതം വർധിച്ച സാഹചര്യം സംബന്ധിച്ച് ശാസ്ത്രീയ പഠനവും വിലയിരുത്തലും തുടരുന്നതാണ്. സ്ട്രോക്കിന്റെ ലക്ഷണമാരംഭിച്ചയുടൻ ചികിത്സ ലഭ്യമാക്കിയാൽ പൂർണ്ണമായും സുഖപ്പെടുത്താനും മരുന്നുകൾ സമയബന്ധിതമായി നൽകുന്നതിലൂടെ മരണസാധ്യത ലഘൂകരിക്കാനും സാധിക്കുന്നതാണ്. 12 ജില്ലകളിൽ സ്ട്രോക്ക് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ

ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റുകളും ത്രോംബോളിസിസ് ചികിത്സാസൗകര്യങ്ങളും ലഭ്യമാണ്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ടുപയോഗിച്ച് മരുന്ന് സംഭരിച്ച് ബന്ധപ്പെട്ട കേന്ദ്രങ്ങളിലേക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളെ ഹബ്ബുകളായും ജില്ലാ-ജനറൽ ആശുപത്രികളെ സ്പോക്കുകളായും ഉൾപ്പെടുത്തി ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ സ്ട്രോക്ക് പരിചരണ ശൃംഖല ശക്തിപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. എല്ലാ ജില്ലാ ആശുപത്രികളിലും സ്ട്രോക്ക് പുനരധിവാസ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.

(2) <u>അഖിലേന്ത്യാ പരീക്ഷകളിലെ ക്രമക്കേടുകൾ</u>

<u>ശ്രീ. ജി. ആർ. അനിൽ</u>: കേന്ദ്ര സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടത്തിയ നീറ്റ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതിനെ തുടർന്ന് പരീക്ഷ റദ്ദാക്കേണ്ടിവന്ന സാഹചര്യം അതീവ ഗുരുതരമാണ്. സി.ബി.എസ്.ഇ. പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ ഡിജിറ്റൽ മൂല്യനിർണ്ണയത്തിനുള്ള ഓൺ സ്ക്രീൻ മാർക്കിങ് സിസ്റ്റത്തിലെ സാങ്കേതികപ്പിഴവ് പുനർ മൂല്യനിർണ്ണയംപോലും അസാധ്യമാക്കിയിരിക്കുകയാണ്. ദശലക്ഷക്കണക്കിന് വിദ്യാർഥികളുടെ ഭാവിയെ ബാധിക്കുന്ന ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകുന്നതോടൊപ്പം പരാതിയുമായി കോടതിയെ സമീപിക്കുന്ന വിദ്യാർഥികൾക്ക് നിയമസഹായം ലഭ്യമാക്കുകയും ചെയ്യണം.

ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>): നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ പൂർണ്ണ ചുമതലയിൽ നടത്തിയ നീറ്റ് പരീക്ഷയിലെ ക്രമക്കേട് ലക്ഷക്കണക്കിന് വിദ്യാർഥികളെ ബാധിക്കുന്ന ഗൗരവമേറിയ വിഷയമാണ്. നാഷണൽ ലെവൽ പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനും കേന്ദ്ര ഏജൻസികളുമായുള്ള ഏകോപനത്തിനുമായി സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് നോഡൽ ഓഫീസർമാരുടെയും ജില്ലാ കളക്ടർമാരുടെയും യോഗം ചേരുകയും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ നടത്തുന്ന നീറ്റ്, സി.ബി.എസ്.ഇ. പരീക്ഷകളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതിയുണ്ട്. സി.ബി.എസ്.ഇ. പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ ഓൺ സ്ക്രീൻ മാർക്കിങ് മൂല്യനിർണ്ണയത്തിലുണ്ടായ പിഴവുകൾ പരിശോധിക്കുന്നതിനും സമഗ്ര ടെക്നിക്കൽ ഓഡിറ്റിലൂടെ സ്കാനിങും ഡിജിറ്റൽ പരിശോധനയും നടത്തുന്നതിനുമുള്ള അടിയന്തര ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര

സർക്കാരിന് കത്തയച്ചിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിദ്യാർഥികൾക്ക് ആവശ്യമായ നിയമസഹായം ലഭ്യമാക്കുന്നതാണ്.

**III ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

ശ്രീ. വി. ടി. ബൽറാം: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. തിരഞ്ഞെടുപ്പ് കാലത്ത് നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിന് ഗവൺമെന്റിന്റെ ആദ്യ ക്യാബിനറ്റിൽതന്നെ തീരുമാനമെടുത്തുവെന്നത് അഭിനന്ദനാർഹമാണ്. ഇന്ദിരാ ഗ്യാരന്റികളുടെ ഭാഗമായുള്ള പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം ഇന്ത്യയിലാദ്യമായി വയോജനക്ഷേമ വകുപ്പ് രൂപീകരിച്ചതും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ അനന്തസാധ്യതകൾ അടുത്ത തലമുറയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിക്കാനുള്ള തീരുമാനവും ശ്ലാഘനീയമാണ്. പാലക്കാട് ജില്ലയിലെ നെല്ല് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. നെല്ല് സംഭരണത്തിന് കൃത്യമായ പ്ലാനും ഫോളോഅപ്പും ഉണ്ടാകണം. ഖാദി തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: ഉപക്ഷേപത്തെ എതിർക്കുന്നു. കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന കടുത്ത അവഗണനയെക്കുറിച്ച് നയപ്രഖ്യാപനത്തിൽ പരാമർശിക്കാത്തത് ഖേദകരമാണ്. മതനിരപേക്ഷത ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാർ തയ്യാറാകണം.

ശ്രീ. നജീബ് കാന്തപുരം: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേരളത്തെ വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയിലേക്ക് നയിക്കുന്നതും സാധാരണ ജനങ്ങൾക്കും സ്ത്രീകൾക്കും സംരംഭകർക്കും കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതുമായ ഭാവിദർശനമുള്ള നയപ്രഖ്യാപനമാണിത്. ആശ, അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം വർധിപ്പിച്ചതും വയോജനങ്ങൾക്കുവേണ്ടി പുതിയ വകുപ്പ് രൂപീകരിച്ചതും സ്ത്രീകൾ, കുട്ടികൾ, യുവാക്കൾ എന്നിവരുടെ ക്ഷേമത്തിന് പ്രാധാന്യം നൽകിയതും സ്വാഗതാർഹമാണ്. എ.ഐ.-ക്കുവേണ്ടി പുതിയ വകുപ്പ് രൂപീകരിക്കാൻ തീരുമാനിച്ചതിലൂടെ കാലാനുസൃതമായ വെല്ലുവിളികളെയും സാധ്യതകളെയും അഭിമുഖീകരിക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. കെ. രാജൻ: ഉപക്ഷേപത്തെ എതിർക്കുന്നു. കേരളത്തോടുള്ള കേന്ദ്ര അവഗണനയ്ക്കെതിരെ നയപ്രഖ്യാപനത്തിൽ യാതൊരു പരാമർശവുമില്ലാത്തത് അത്യന്തം ഖേദകരമാണ്. കെ-റെയിൽ പദ്ധതി പിൻവലിച്ച നടപടി പ്രതിഷേധാർഹമാണ്. മുനമ്പം

പ്രശ്നത്തിന് പരിഹാരം കാണാൻ ആവശ്യമായ നടപടി സ്വീകരിക്കണം. വയോജന ക്ഷേമ വകുപ്പ് ആരംഭിച്ചത് സ്വാഗതാർഹമാണ്. മതേതര കേരളത്തെ കളങ്കപ്പെടുത്തുന്ന നടപടികൾക്ക് തടയിടേണ്ടതുണ്ട്.

ശ്രീ. ഷിബു തെക്കുംപുറം: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സമസ്ത ജനവിഭാഗങ്ങളുടെയും ക്ഷേമത്തിനുതകുന്ന പദ്ധതികളാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. വയോജന ക്ഷേമ വകുപ്പ് രൂപീകരിച്ചതും കെ.എസ്.ആർ.ടി.സി.-യിൽ സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുമെന്നുമുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപനം രാജ്യത്തിന് മാതൃകയാണ്. കോതമംഗലം നിയോജകമണ്ഡലത്തിലെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ടൂറിസം മേഖലയുടെ വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കണം. ആലുവ-മൂന്നാർ രാജപാത ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ബി. ബി. ഗോപകുമാർ: ഉപക്ഷേപത്തെ എതിർക്കുന്നു. നയപ്രഖ്യാപനത്തിൽ പുതുയുഗ കേരളം കെട്ടിപ്പടുക്കുന്നതിനുള്ള വ്യക്തമായ ധാരണയില്ലാത്തതും ശബരിമല വിഷയം സംബന്ധിച്ച് യാതൊരു പരാമർശവുമില്ലാത്തതും ഖേദകരമാണ്. വന്ദേമാതരം സംബന്ധിച്ച് അനാവശ്യ വിവാദങ്ങളുണ്ടാക്കുന്നതും കേന്ദ്ര പദ്ധതികൾ പേരുമാറ്റി പുതിയ രീതിയിൽ സംസ്ഥാനത്ത് അവതരിപ്പിക്കുന്നതും പ്രതിഷേധാർഹമാണ്.

ശ്രീ. വിഷ്ണു മോഹൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സാമൂഹ്യനീതി, സാമ്പത്തിക വളർച്ച, പാരിസ്ഥിതിക ഉത്തരവാദിത്വം, ആധുനിക അടിസ്ഥാന സൗകര്യങ്ങളുടെ ഉറപ്പാക്കൽ, മാനുഷിക സഹാനുഭൂതി, സാങ്കേതിക പുരോഗതി, അവസര സമത്വം എന്നിവയിലൂന്നിയുള്ള പുതുയുഗ കേരള നിർമ്മിതിക്കായി നടത്തിയ നയപ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്രയും സ്കൂൾ വിദ്യാർത്ഥിനികൾക്ക് ആർത്തവാവധിയും അനുവദിച്ചുകൊണ്ട് സ്ത്രീപക്ഷ നിലപാടുകൾ സ്വീകരിക്കുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും തൊഴിലാളികളുടെയും സർക്കാരാണിതെന്ന് വ്യക്തമാക്കുന്ന നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. പി. കെ. പ്രവീൺ: ഉപക്ഷേപത്തെ എതിർക്കുന്നു. യുവാക്കൾക്ക് ജന്മനാട്ടിൽ തൊഴിലവസരം ഒരുക്കാത്തതും നിർമ്മാണ-വ്യാവസായിക മേഖലകളിൽ തൊഴിൽ

സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാത്തതും പ്രവാസി ക്ഷേമത്തിനുള്ള പ്രഖ്യാപനങ്ങളില്ലാത്തതും സാമ്പത്തിക വളർച്ച ഉറപ്പാക്കാത്തതുമായ നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്നതും സഹകരണ മേഖലയെ തകർക്കുന്നതുമായ കേന്ദ്ര നിലപാടുകളോട് സർക്കാർ മൗനംപാലിക്കുന്നത് അപലപനീയമാണ്. കുടുംബശ്രീ, ലൈഫ് മിഷൻ എന്നിവ നിലനിർത്താൻ സർക്കാർ തയ്യാറാകണം. വയനാട് തുരങ്ക പാത, കെ-ഫോൺ, ദേശീയപാതാ വികസനം എന്നിവയെ എതിർക്കുന്ന സമീപനമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രതിപക്ഷം സ്വീകരിച്ചിരുന്നത്.

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമഗ്ര വികസനത്തിനും ജനക്ഷേമത്തിനും ഉതകുന്ന ഒട്ടേറെ പദ്ധതികൾ മുന്നോട്ടുവയ്ക്കാൻ ഈ നയപ്രഖ്യാപനത്തിന് സാധിച്ചിട്ടുണ്ട്. വയോജനക്ഷേമ വകുപ്പ് രൂപീകരിച്ചതും 25 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചതും അഭിനന്ദനാർഹമാണ്. സർക്കാരിന്റെ പരിഗണനയിലുള്ള പുതിയ അതിവേഗ റെയിൽവേ പദ്ധതി കാസർഗോഡ് വരെ നീട്ടുന്ന കാര്യം പരിഗണിക്കണം.

ശ്രീമതി ഉമ തോമസ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പുതുയുഗ കേരളം ലക്ഷ്യമാക്കിയുള്ള സർക്കാരിന്റെ കാഴ്ചപ്പാടുകളാണ് നയപ്രഖ്യാപനത്തിലുടനീളമുള്ളത്. ഇന്ദിരാ ഗ്യാരന്റിയടക്കം പ്രകടനപത്രികയിലുള്ള ഓരോ വാഗ്ദാനങ്ങളും നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര, ക്ഷേമ പെൻഷൻ വർധന, ആശാ വർക്കർമാരുടെ വേതന വർധന, ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, കോളേജ് വിദ്യാർഥിനികൾക്ക് പ്രതിമാസം ധനസഹായം, യുവസംരംഭകർക്ക് പലിശരഹിത വായ്പ, വയോജന ക്ഷേമത്തിനായി പ്രത്യേക വകുപ്പ് തുടങ്ങിയ പ്രഖ്യാപനങ്ങൾ ഈ സർക്കാരിന് ജനങ്ങളോടുള്ള പ്രതിബദ്ധതയാണ് സൂചിപ്പിക്കുന്നത്. ക്രമസമാധാനവും സ്ത്രീസുരക്ഷയും ഉറപ്പാക്കുക, മയക്കുമരുന്ന് വ്യാപനം തടയുക തുടങ്ങിയവ സർക്കാരിന്റെ ആത്യന്തിക ലക്ഷ്യങ്ങളാണ്. സംസ്ഥാനത്തെ ഒരു സംയോജിത തുറമുഖ കേന്ദ്രമാക്കാനും 60 വയസ്സിന് മുകളിലുള്ള സാംസ്കാരിക പ്രവർത്തകർക്ക് പെൻഷനും ആരോഗ്യ ഇൻഷ്വറൻസും ഏർപ്പെടുത്താനുമുള്ള തീരുമാനങ്ങൾ ശ്ലാഘനീയമാണ്. പ്ലസ്ടു സീറ്റുകളുടെ എണ്ണം വർധിപ്പിക്കുന്നതിനും അക്കാദമിക് പലായനം കുറയ്ക്കുന്നതിനും സംസ്ഥാനത്ത് ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായ ഉന്നതവിദ്യാഭ്യാസ

സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിനും വിദ്യാർഥികൾക്കിടയിൽ ശാസ്ത്രാവബോധം വളർത്താൻ ജവഹർലാൽ നെഹ്റു സയന്റിഫിക് സെന്ററുകൾ സ്ഥാപിക്കുന്നതിനുമുള്ള തീരുമാനം അഭിനന്ദനാർഹമാണ്. ക്ലീൻ എനർജി ഇനിഷ്യേറ്റീവ്സ്, ഇലക്ട്രിക് മൊബിലിറ്റി, പാരിസ്ഥിതിക ഉത്തരവാദിത്വമുള്ള വ്യാവസായിക വികസനം, അക്കാദമിക് പാഠ്യപദ്ധതിയിൽ പരിസ്ഥിതിക്ക് ഊന്നൽ നൽകൽ എന്നിങ്ങനെയുള്ള സർക്കാരിന്റെ പരിസ്ഥിതി സംരക്ഷണ പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. ലഹരി വസ്തുക്കളുടെ ദുരുപയോഗ ഭീഷണിയിൽനിന്ന് കുട്ടികളെയും യുവജനങ്ങളെയും സംരക്ഷിക്കുന്നതിനുള്ള സംസ്ഥാന വ്യാപക ലഹരി വിരുദ്ധ ദൗത്യം പ്രശംസനീയമാണ്. സംസ്ഥാനത്തിന്റെ സർവതോമുഖമായ വികസനത്തിന് ഊന്നൽ നൽകുന്ന നയപ്രഖ്യാപനമാണിത്.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മുഖാന്തരം പ്രതിവർഷം 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുമെന്നും കോളേജ് വിദ്യാർഥിനികൾക്ക് പ്രതിമാസം ആയിരം രൂപ വിദ്യാഭ്യാസ സഹായം അനുവദിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ പ്രശംസനീയമാണ്.

ശ്രീ. പി. മമ്മിക്കുട്ടി: ഉപക്ഷേപത്തെ എതിർക്കുന്നു. എറണാകുളം പാരിയത്തുകാവ് പട്ടികജാതി കോളനിയിലെ ജനങ്ങളോട് സർക്കാർ സ്വീകരിച്ച നിലപാട് അപലപനീയമാണ്. ലൈഫ് ഭവന പദ്ധതി, തൊഴിലുറപ്പ് പദ്ധതി, നെല്ല് കർഷകരുടെ ബോണസ്, റബ്ബറിന് താങ്ങുവില എന്നീ വിഷയങ്ങളിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ നയപ്രഖ്യാപനത്തിൽ പ്രതിപാദിക്കാത്തത് ഖേദകരമാണ്.

ശ്രീ. ടി. പി. അഷ്റഫ് അലി: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തെ എയറോട്രോപോളിസ് സോണായി ഉയർത്താനും രാമനാട്ടുകരയിൽനിന്നും വിമാനത്താവളത്തിലേക്കുള്ള നാലുവരിപ്പാതയ്ക്ക് അംഗീകാരം നൽകാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. പഴകുളം മധു: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ശബരിമല സ്വർണ്ണക്കൊള്ള കേസ് പുനരന്വേഷിച്ച് പ്രതികളെ കണ്ടെത്തി ശിക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിന്റെ മരണത്തിൽ സി.ബി.ഐ. അന്വേഷണം പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്.

ശ്രീ. അബിൻ വർക്കി കോടിയാട്ട്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പുതുയുഗ കേരളത്തിനുവേണ്ടിയുള്ള നയപ്രഖ്യാപനമാണിത്. കോളേജ് വിദ്യാർഥിനികൾക്ക് പ്രതിമാസം ആയിരം രൂപ വിദ്യാഭ്യാസ ധനസഹായം നൽകാനും സ്കൂൾ വിദ്യാർഥിനികൾക്ക് ആർത്തവാവധി ഏർപ്പെടുത്താനുമുള്ള തീരുമാനം മാതൃകാപരമാണ്. സംരംഭകരാകാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് അഞ്ച് ലക്ഷം രൂപ പലിശരഹിത വായ്പ അനുവദിക്കാനും എ.ഐ., വയോജനക്ഷേമ വകുപ്പുകൾ രൂപീകരിക്കാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. മയക്കുമരുന്നിനെതിരെയുള്ള ഓപ്പറേഷൻ ശുഫാൻ ദൗത്യം വിജയകരമായി നടപ്പാക്കുന്നത് അഭിനന്ദനീയമാണ്.

ശ്രീ. എം. റഹ്മത്തുള്ള: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പുതുയുഗ കേരളം സൃഷ്ടിക്കാനുതകുന്ന തീരുമാനങ്ങളാണ് നയപ്രഖ്യാപനത്തിലുള്ളത്. ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, പ്രീ-പ്രൈമറി ടീച്ചർമാർ, പാചകത്തൊഴിലാളികൾ തുടങ്ങിയവർക്ക് നൽകിയ പരിഗണന ഈ സർക്കാരിന്റെ തൊഴിലാളിപക്ഷ സമീപനമാണ് തെളിയിക്കുന്നത്. തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തകർച്ച നേരിടുന്ന ക്ഷേമ ബോർഡുകളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും പ്രവർത്തനക്ഷമമാക്കുന്നതിനും സർക്കാർ സ്വീകരിക്കുന്ന നയങ്ങളെ പിന്തുണയ്ക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

ശ്രീ. എം. എസ്. അരുൺ കുമാർ: ഉപേക്ഷേപത്തെ എതിർക്കുന്നു. പുതുയുഗ കേരളം സൃഷ്ടിക്കാനുതകുന്ന കാര്യങ്ങളൊന്നും ഉൾപ്പെടുത്താത്ത നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇന്ധന നികുതി വർധനയ്ക്കെതിരെയും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധത്തിനെതിരെയും നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കാത്തത് ഖേദകരമാണ്. ലൈഫ് മിഷൻ പദ്ധതി ഉപേക്ഷിക്കാനുള്ള നീക്കം പിൻവലിക്കണം.

ശ്രീ. കെ. ജയന്ത്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ പത്തുവർഷ കാലയളവിൽ സംസ്ഥാനത്ത് ഏകാധിപത്യപരവും ജനദ്രോഹപരവുമായ തീരുമാനങ്ങളാണ് നടപ്പാക്കിയിരുന്നത്.

ശ്രീ. നാട്ടകം സുരേഷ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സമസ്തമേഖലകളുടെയും പുനരുജ്ജീവനത്തിന് വിത്തുപാകുന്ന നയപ്രഖ്യാപനമാണിത്. പാചകവാതകത്തിന്റെയും ഇന്ധനത്തിന്റെയും വിലവർധന തടയുന്നതിനും വിദ്യാഭ്യാസമേഖലയുടെ നിലവാരത്തകർച്ച,

സാമ്പത്തിക പ്രതിസന്ധി എന്നിവ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. സംഭരിച്ച നെല്ലിന്റെ കുടിശ്ശികതുക നൽകുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. കോട്ടയം മെഡിക്കൽ കോളേജ് കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കണം.

ശ്രീ. റെജി ചെറിയാൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ജനക്ഷേമകരവും നാടിന്റെ പുരോഗതിക്കുതകുന്നതുമായ ഒട്ടേറെ പദ്ധതികളാണ് നയപ്രഖ്യാപനത്തിലുള്ളത്. കുട്ടനാട് മണ്ഡലത്തിലെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിക്കാനും അവിടത്തെ പിന്നോക്കാവസ്ഥയ്ക്ക് മാറ്റംവരുത്താനും നടപടി സ്വീകരിക്കണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്ത് വർഗീയ പ്രചാരണങ്ങൾ നടത്തിയതിന്റെ ഫലമായാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കനത്ത പരാജയം ഏറ്റുവാങ്ങേണ്ടി വന്നത്.

ശ്രീ. കെ. യു. ജനീഷ് കുമാർ: ഉപക്ഷേപത്തെ എതിർക്കുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റി ടീച്ചേഴ്സ് സംഘ് പ്രസിഡന്റിനെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസലറായി നിയമിച്ചത് അപലപനീയമാണ്.

ശ്രീ. ടി. ജെ. വിനോദ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി ജനങ്ങളെ അറിയിക്കാനായി ധവളപത്രമിറക്കുന്നത് സ്വാഗതാർഹമാണ്. ആശാ പ്രവർത്തകരുടെയും അങ്കണവാടി വർക്കർമാരുടെയും സ്കൂൾ പാചകത്തൊഴിലാളികളുടെയും വേതനം വർധിപ്പിച്ചത് ശ്ലാഘനീയമാണ്. സർക്കാർ പ്രഖ്യാപിച്ച ഇന്ദിരാ ഗ്യാരന്റികൾ ജനങ്ങളോടുള്ള പ്രതിബദ്ധതയാണ് തെളിയിക്കുന്നത്. സംസ്ഥാനത്തെ മയക്കുമരുന്ന് ശൃംഖല പൂർണ്ണമായും ഉന്മൂലനം ചെയ്യാനുള്ള ഓപ്പറേഷൻ തുഫാൻ അഭിനന്ദനാർഹമായ പദ്ധതിയാണ്.

## IV അറിയിപ്പ്

ഇ-നിയമസഭ ട്രെയിനിങ് പ്രോഗ്രാം

മി. സ്പീക്കർ: ഇ-നിയസഭയുടെ പുതിയ സോഫ്റ്റ്‌വെയർ അംഗങ്ങൾക്ക് പരിചയപ്പെടുത്താനായി ഒരു ട്രെയിനിങ് പ്രോഗ്രാം 2026 ജൂൺ 2, 3, 4 തീയതികളിൽ രാവിലെ 8 മണി മുതൽ രാത്രി 7 മണി വരെ ബി.എ.സി. ഹാൾ (റൂം നമ്പർ 520)-ൽ സജ്ജീകരിച്ചിട്ടുണ്ട്. അംഗങ്ങൾ സമയം ക്രമീകരിച്ച് പ്രസ്തുത ട്രെയിനിങ്ങിൽ പങ്കെടുക്കേണ്ടതാണ്.

(സഭ ഉച്ചയ്ക്കുശേഷം 1.42-ന് പിരിഞ്ഞു.)